## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5068 22.05.2017 ൽ മറുപടിയ്ക്ക്

## മരം മുറിക്കുവാനുള്ള അനുമതിക്കെതിരെ അപ്പീൽ നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | എ.വി.റ്റി. കമ്പനിക്ക് 1100 ഏക്കറിലെ 25000 റബ്ബർ മരങ്ങൾ മുറിക്കുവാൻ ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; | (എ) എ.വി.റ്റി. കമ്പനി പത്തനംതിട്ട ജില്ലയിൽ കൈവശം വയ്ക്കുന്ന ഭൂമിയിൽ 7.5 ഏക്കറിന്റെ അവകാശം ഉന്നയിച്ച് കൊണ്ട് ശ്രീ മഹാദേവി ശാസ്താ ക്ഷേത്രം ഭാരവാഹികൾ ഫയൽ ചെയ്ത WP(C) No.34185/2015 നമ്പർ ഹർജിയിൽ എ.വി.തോമസ് കമ്പനിയും മിഡ് ലാന്റ് റബ്ബർ പ്രൊഡ്യൂസ് കമ്പനിയും ഫയൽ ചെയ്ത IA No. 2125/2017 അപേക്ഷയിൽ ബഹു. കേരള ഹൈക്കോടതി, കമ്പനി ടാക്സ് ഒടുക്കുന്ന ഭൂമിയിൽ നിന്നും റബ്ബർ മരങ്ങൾ മുറിച്ചു നീക്കുന്നതിന് അനുമതി നല്കി 11.04.2017-ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ മഹാദേവി ശാസ്താ ക്ഷേത്രം ഭാരവാഹികൾ ഫയൽ ചെയ്ത WA-878/2017-ൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ടി ഉത്തരവിനെ 25.05.2017 വരെ സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഈ വിധി നിലവിലുള്ള തോട്ടം കേസുകളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി)&(സി) എ.വി.റ്റി. കമ്പനി കൈവശം വച്ച് കരം അടച്ചുവരുന്ന ഭൂമിയിൽ കൃഷി ആവശ്യത്തിനായി റവന്യൂ അധികാരികളുടെ അനുമതിയോടെ മരം മുറിക്കുന്നതിനാണ് കോടതി ഉത്തരവായത്. പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ/റിവിഷൻ ഫയൽ ചെയ്യുന്നതിന് വാക്കാൽ നിർദ്ദേശം സർക്കാർ നൽകിയിരുന്നതാണ്. എന്നാൽ കേസിലെ കക്ഷിയായ ശ്രീ മഹാദേവി ശാസ്താക്ഷേത്രം തന്നെ WA-878/2017 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. സർക്കാർ അഭിഭാഷകനും മരംമുറിക്കുന്നതിന് നല്കിയ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാണ് അപേക്ഷിച്ചത്. ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് എ.വി.റ്റി. കമ്പനി കൈവശം വച്ച് കരം അടയ്ക്കുന്ന ഭൂമിക്ക് മാത്രം ബാധകമായതാണ്. അത് ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയുമാണ്. നിലവിലുള്ള തോട്ടം കേസുകളെ ഇത് പ്രതികൂലമായി ബാധിക്കാൻ സാധ്യതയില്ലാത്തതാണ്. |
| (സി) | എങ്കിൽ ഈ വിധിക്കെതിരെ അപ്പീൽ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ